* മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിസ്റ്റർ പ്രസിഡണ്ട്, സർ, ഇപ്പോൾ സഭമുമ്പാകെ ആലോചനക്കിരിക്കുന്ന ഉപക്ഷേപം ഒരു അവിശ്വാസപ്രമേയമായി കണക്കാക്കാവുന്നതാണെന്ന് ദിവാൻ പ്രസിഡണ്ട് അവർകളും പറഞ്ഞതിൽ ഞാനും ഞാൻ ഉൾപ്പെട്ട കക്ഷിയും വളരെ സന്തോഷിക്കുന്നു. എതിർക്കേണ്ടത് എതിർകക്ഷിയുടെ അവകാശവും ചുമതലയുമാണെന്ന പറയപ്പെടുന്നു. അതുകൊണ്ട് ഉത്തരവാദിത്വഭരണ സമ്പ്രദായത്തിൽ ഒരു എതിർകക്ഷിക്ക ചെയ്യേണ്ടതായിട്ടുള്ള ചുമതല അവർ എല്ലായ്പോഴും നിർവ്വഹിക്കുന്നുണ്ടെന്ന വരുന്നത് ആ ഭരണസമ്പ്രദായത്തിനുതന്നെ വളരെ നല്ലതാണ്. എതിർപ്പുകളിൽവെച്ച് ഏറ്റവും വലിയ എതിർപ്പാണ് അവിശ്വാസപ്രമേയം. അവിശ്വാസപ്രമേയം എന്നു പറയുന്നതു വാസ്തവത്തിൽ ഉത്തരവാദിത്വഭരണ സമ്പ്രദായത്തിന്റെ ജീവവായുവാണ്. അവിശ്വാസപ്രമേയം കൂടക്കൂടെ വന്നാൽ മന്ത്രിയുടേയും മന്ത്രിയുടെ കക്ഷിയുടേയും ബലം പരീക്ഷിച്ചില്ലെന്നുണ്ടെങ്കിൽ—എതിർകക്ഷിയുടെ ബലം പരീക്ഷിച്ചില്ലെന്നുണ്ടെങ്കിൽ—രണ്ടു കക്ഷികളും ജീവവായു കിട്ടാതെ വളർച്ചയില്ലാതെ കീഴ്പ്പോട്ട പോകുന്നതാണ്. അതുകൊണ്ടാണ് ഞാൻ ഈ അവിശ്വാസ പ്രമേയത്തെ വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നതെന്ന മുഖവുരയായി പറയുന്നതു്. അവിശ്വാസ പ്രമേയത്തിന്റെ ആവശ്യം എന്താണെന്നുകൂടി വിവരിക്കുന്നതു നന്നായിരിക്കുമെന്ന കരുതുന്നു. മന്ത്രിക്കും മന്ത്രി ഉൾപ്പെട്ട കക്ഷിക്കും യഥാർത്ഥത്തിൽ നിയമസഭയിൽ ഭൂരിപക്ഷം ഇല്ലെന്നുണ്ടെങ്കിൽ,

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ ഭൂരിപക്ഷത്തിന്റെ ആനുകൂല്യം മന്ത്രിക്കില്ലെന്നുണ്ടെങ്കിൽ ഒരു നിമിഷംപോലും മന്ത്രി മന്ത്രിയായി തുടരുന്നതു ഉത്തരവാദിത്വഭരണ സമ്പ്രദായത്തോടു ചെയ്യുന്ന വലിയൊരു പാതകമായിരിക്കും. (ഹീയർ, ഹീയർ) എതിർകക്ഷിക്കു് മന്ത്രിയെ തോൽപ്പിച്ചു് മന്ത്രിസ്ഥാനം കൈക്കലാക്കുവാൻ സാധിക്കുമെന്നുണ്ടെങ്കിൽ അതിനുവേണ്ട സകല പരീക്ഷണങ്ങളും നടത്തേണ്ടതു് ആവശ്യമാണെന്നുള്ള ബോധം ഉത്തരവാദിത്വഭരണ സമ്പ്രദായത്തോടു സ്നേഹമുള്ള ഏല്ലാവർക്കുമുണ്ടു്. അതുകൊണ്ടു് ഞാൻ ഇതിനെ വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നു. സംഖ്യാബലത്തിന്റെ വ്യത്യാസംകൊണ്ടു് എതിർകക്ഷിക്കു ഒരുപക്ഷെ അവരുടെ കേസ്സു് എത്രതന്നെ നല്ലതായാലും കൂടി മന്ത്രിയെ നീക്കം ചെയ്യുന്നതിനു സാധിച്ചില്ലെന്നു വരാം. അങ്ങിനെ വരുന്ന ഘട്ടങ്ങളിലും അവിശ്വാസപ്രമേയം എതിർകക്ഷിക്കു വളരെ നല്ലതാണു്. കാരണം വേണ്ടത്ര ഇല്ലെങ്കിലും മന്ത്രിയുടെ ഭരണദുഷ്യങ്ങൾ നിയമസഭയുടെ ദൃഷ്ടിയിൽ പെടുത്തിയാൽ പൊതുജനാഭിപ്രായത്തിനേൽ ഭരണം നടത്തുന്ന കക്ഷിക്കു് അതു കാണുവാനും, പൊതുജനാഭിപ്രായത്തിന്റെ ദൃഷ്ടിയിൽ എതിർകക്ഷിക്കു് ഉയരുവാനും സാധിക്കുന്നതാണു്. ആ രണ്ടു നിലയിലും എതിർപ്പു വളരെ നല്ലതാണു്. മൂന്നാമതു് ഒരുതരം അവിശ്വാസപ്രമേയമുണ്ടു്. എതിർകക്ഷിക്കു നല്ലതാണെന്നു വിചാരിക്കുന്നതുതന്നെക്കൂടിയാണു് ഭരണം നടത്തുന്ന കക്ഷിയിൽ പെട്ട ഒരാളായ ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നതു്. അവിശ്വാസപ്രമേയം വരുവാൻ പോകുന്നു, വരുവാൻ പോകുന്നു എന്നുള്ള വർത്തമാനം ജനങ്ങളുടെയിടയിലും വർത്തമാനപത്രങ്ങളിലും മാറിമാറിക്കൊള്ളുന്നുണ്ടു്. അവിശ്വാസപ്രമേയം വരുവാൻ പോകുന്നു, വരുവാൻ പോകുന്നു എന്നുള്ള വർത്തമാനം ഉണ്ടാകയും, അവിശ്വാസപ്രമേയം വരാതിരിക്കുകയും ചെയ്യുന്നതായാൽ അതു കാറുകൊണ്ടു മൂടി മഴ പെയ്യാതെ ഉണ്ണംകൊണ്ടു ബുദ്ധിമുട്ടുന്നതുപോലെയായിരിക്കും. അവിശ്വാസപ്രമേയം എന്ന നിലയിൽ കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല, സാധിച്ചുവെങ്കിൽ എന്തൊക്കെയാണു് വരുന്നതെന്നുള്ള ഒരു അനിശ്ചിതാവസ്ഥ പൊതുജനങ്ങളുടെയിടയിൽ ഉണ്ടാകുവാനിടയുണ്ടു്. ഒരു മഹാകവി ഒരിടത്തു പറഞ്ഞിട്ടുണ്ടു്, ഒരു വലിയ പ്രവൃത്തി ചെയ്യുവാനുള്ള മനസ്സിന്റേയും ആ പ്രവൃത്തിയുടേയും സാമ്യം മദ്ധ്യത്തിൽ വളരെ ഭയങ്കരമായ ഒരു സംഭവമായിരിക്കും. അതുപോലെ അവിശ്വാസപ്രമേയം വേണമെന്നു തീരുമാനിക്കുകയും, ആ പ്രമേയം വരാതെ നിണ്ടുപോകുകയും ചെയ്യുന്നപക്ഷം രണ്ടു കക്ഷിക്കും ഒരുപോലെ ദുർഘടകരമായിരിക്കും. അതുകൂടാതെ അവിശ്വാസപ്രമേയം വരുവാൻ പോകുന്നു, വരുവാൻ പോകുന്നു എന്നുള്ള വർത്തമാനം പരന്നതിനു ശേഷം കേവലം ചില സൂചനകളിന്മേൽ ചെയ്തതിൽ ഒന്നു് അവിശ്വാസപ്രമേയമായി ദിവാൻ പ്രതിനിധീകരിക്കുന്നവർകളുടെ വാഗ്ദാനം മൂലം ഉണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു. അവിശ്വാസപ്രമേയമാണെന്നുള്ള നിയമസഭയിൽ പ്രതിപാദിച്ചതിനു ശേഷം ഇപ്പോൾ അധികാരത്തിലിരിക്കുന്ന മന്ത്രിയുടെ ഭരണത്തെക്കുറിച്ചു് പറയുവാനുള്ള ദൃഷ്ടാന്തങ്ങൾ പറഞ്ഞുകഴിയുകയും അവസാനം അവ ദുർബ്ബലങ്ങളാണെന്നും നിലനിൽപ്പാൻ അയോഗ്യമാണെന്നും വരുകയും ചെയ്യുന്നപക്ഷം അതു എതിർകക്ഷിയുടെ എതിർപ്പിനും അധികാരത്തിലിരിക്കുന്ന കക്ഷിക്കും ഒരുപോലെയായിരിക്കും ഫലം വരുക എന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു ബഹുമാനപ്പെട്ട മാലക്കുടി മെമ്പർ ചെയ്ത നിരുപദ്രവകാരമായ പ്രസംഗവും, അതിനെത്തുടർന്നു് എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ എം. എൽ. ജോസഫ് ചെയ്ത ഉദ്വേഗജനകമായ പ്രസംഗവും, മിസ്റ്റർ കെ. എസ്സ്. പണിക്കരുടെ ഇന്നുമുതൽ ഏതുപക്ഷപാതത്തിനും ഉപയോഗപ്പെടുത്താവുന്നതുമായ പ്രസംഗവും കഴിഞ്ഞതിനു ശേഷവും ആകപ്പാടെക്കൂടി ഈ മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

യെക്കുറിച്ച് വാസ്തവം പറയുകയാണെങ്കിൽ ഞാൻ വിചാരിച്ചിരുന്നതിനേക്കാൾ വളരെ കുറഞ്ഞ ദുഷ്യങ്ങളേ ഉള്ളുവെന്ന് എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം എന്റെ പാർട്ടിയുടെ നേതാവാണെങ്കിലും എന്റെ സ്വന്തനിലയിലും ചില ആക്ഷേപങ്ങളെല്ലാം ഉണ്ടായേക്കാം. എനിക്കുതന്നെ തോന്നിയ ആക്ഷേപങ്ങളിലും എത്രയോ ദുർബ്ബലങ്ങളും എത്രയോ ശിഥിലങ്ങളും എത്രയോ നിസ്സാരങ്ങളുമായ ആക്ഷേപങ്ങൾ മാത്രമേ ഈ മൂന്നു മഹാരഥന്മാരുടെ പ്രസംഗങ്ങൾക്കു ശേഷം എനിക്കു കാണുവാനും അറിയുവാനും കേൾക്കുവാനും സാധിച്ചിട്ടുള്ളൂ. അതുകൊണ്ടാണ് എനിക്കു വാസ്തവത്തിൽ അവിശ്വാസപ്രമേയമാകുന്ന ഈ ബലപരീക്ഷണത്തിനു ശേഷം എന്റെ കക്ഷിക്ക് വോട്ട് എങ്ങിനെ വന്നാലും പൊതുജനങ്ങളുടെ മുന്നിൽ കൂടുതൽ ശക്തിയോടുകൂടി കൂടുതൽ തന്റേടത്തോടുകൂടി ഉയരുവാൻ സാധിക്കുമെന്നു ബോദ്ധ്യപ്പെട്ടതും.

സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചു പറഞ്ഞ മാന്യന്മാർക്ക് ഈ മന്ത്രിയുടെ നേരെ, ഈ മന്ത്രിയുടെ ഭരണത്തിന്റെ നേരെ പറയുവാനുണ്ടായ ആക്ഷേപങ്ങൾ എന്തൊക്കെയാണെന്ന് ഒന്നു പരിശോധിച്ചുനോക്കാം. ഈ പരിശോധനയുടെ ഫലമായിട്ട് ഈ സഭയിൽ കൂടിട്ടുള്ള ആളുകൾക്ക് മന്ത്രികളങ്കത്തോടുകൂടിയും, തന്റെ പാർട്ടിയേയൊ തന്റെ ജാതിയേയൊ പ്രോത്സാഹനം, ഉയർത്തണം, ശക്തിപ്പെടുത്തണം എന്നുള്ള വിചാരത്തോടുകൂടിയും, നീതിന്യായത്തിനു വിരുദ്ധമായിട്ടും, തെറ്റായിട്ടും പ്രവൃത്തികൾ ചെയ്യുന്നുണ്ടെന്നു വാദിക്കുന്നപക്ഷം തീർച്ചയായും ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ള ആൾക്കു കുറച്ചെങ്കിലും സമാധാനിക്കുവാൻ വകയുണ്ട്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ അവർകളുടെ പ്രസംഗത്തിൽ പ്രധാനമായിട്ട് മൂന്നു കാരണങ്ങളാണ് മന്ത്രിയുടെ പേരിൽ എതിരായിട്ട് എടുത്തുപറഞ്ഞിട്ടുള്ളതു്.

പഞ്ചായത്തുകളിലേക്കുള്ള നോമിനേഷനിൽ മന്ത്രി അംഗീകരിച്ചിട്ടുള്ള നയം ശരിയല്ലെന്നാണ്, ആക്ഷേപാർഹമാണെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സാരമെന്നു ഞാൻ വിചാരിക്കുന്നു. അതിനുദാഹരണമായി അദ്ദേഹം വേളൂക്കര പഞ്ചായത്തുനോമിനേഷനെപ്പറ്റി എടുത്തു പറയുകയുണ്ടായി. എനിക്കു ഈ പ്രസംഗവും ഇന്നു കാലത്തുണ്ടായ ഉപജോല്പങ്ങളും മറ്റും കേട്ടപ്പോൾ പഞ്ചായത്തിലേക്കുള്ള നോമിനേഷൻ സമ്പ്രദായം എടുത്തുകളയുകയാണു് നല്ലതെന്നുള്ളതായി മന്ത്രിയുടെ ഭരണത്തിൽ ദുഷ്യങ്ങളുണ്ടെന്നു നിഷ്പക്ഷമായിട്ടുപോലും പറയുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. മദിരാശിയിൽ വളരെക്കാലം പ്രധാനമന്ത്രിയായി വലിയൊരു രാജ്യതന്ത്രജ്ഞൻ എന്നു പേരെടുത്ത ബോബ്ബിലിരാജാവ് അവർകൾ ഒരവസരത്തിൽ പറയുകയുണ്ടായി, ഞാൻ ചെയ്ത മാരോ ഉദ്യോഗനിയമനങ്ങൾ മൂലം എനിക്കു സംശയാസ്പദമായ ഒരു സ്നേഹിതനും തീർച്ചയായും എതിർപ്പുള്ള പത്തു ശത്രുക്കളും ഉണ്ടായിരിക്കും എന്നു്. അതുപോലെ മന്ത്രിക്കും പറയുവാൻ സാധിക്കുന്നതാണു്. ഒരാൾക്കു് എന്നിൽ അല്പം സന്തോഷവും വളരെയധികം ആളുകൾക്കു് വലിയ അപ്രീതിയും ഉണ്ടാകുവാൻ ഇടയുണ്ടെന്നു കാണുന്നുണ്ടു്. ആ അപ്രീതി ഈ നിയമസഭയിൽ ഉരിക്കുവാൻ ഭാഗ്യമുള്ള ആളുകൾക്കു കൂടി ഉണ്ടായാൽ ഈ സുചനാപ്രക്ഷേപം ഇന്നു നിയമസഭയിൽ വന്നതിലും അത്ഭുതമില്ല. ഉദാഹരിക്കിൽ എക്സ് എന്നൊരാൾ മന്ത്രിയായിരിക്കുമ്പോൾ ഏ എന്നൊരാളെ നോമിനേറ്റ ചെയ്തു. ഒരു എന്നയാൾ മന്ത്രിയായിരിക്കുമെങ്കിൽ ബീയെ ആയിരിക്കും നോമിനേറ്റ ചെയ്യുന്നതു്. ഈ നോമിനേഷൻ ശരിയാണൊ തെറ്റാണൊ എന്നു നോക്കുമ്പോൾ എക്സ് എന്തുകൊണ്ടു് ബീയെ നോമിനേറ്റ ചെയ്തില്ല എന്നുള്ള ചോദ്യത്തിനു പ്രസക്തിയില്ല. ഏ നോമിനേഷനു് അർഹനാണൊന്നും ആ വ്യക്തിയെ നോമിനേറ്റ ചെയ്തതു് ന്യായമായിട്ടാണൊ അന്യായങ്ങളൊ അംഗീകരിച്ചാണെന്നും, അക്കാര്യത്തിൽ നീതിന്യായങ്ങളെ തള്ളി

LIBRARY ARCHIVES Kerala Legislative Assembly

ക്കളഞ്ഞിട്ടുണ്ടെന്നും, മന്ത്രി അപകടമായും തകരാറായും പ്രവൃത്തിച്ചിട്ടുണ്ടെന്നും വന്നാൽ അല്ലാതെ ആ നോമിനേഷനെ ഒരിക്കലും അധിക്ഷേപിക്കുവാൻ പാടില്ലെന്നാണു ഞാൻ വിശ്വസിക്കുന്നതു". ഒരുപക്ഷെ ബഹുമാനപ്പെട്ട മന്ത്രിയുടെ സ്ഥാനത്തു ഞാനായിരിക്കുമെങ്കിൽ വേറെ ഒരാളെയായിരിക്കും ഞാൻ നോമിനേറ്റ ചെയ്യുന്നതു. അത്തരത്തിൽ വളരെ അധികം ആളുകളെ നോമിനേറ്റ ചെയ്യുവാൻ എനിക്കു സാധിക്കുന്നതാണു.

ഇനി ആലോചിക്കേണ്ടതു് നോമിനേഷൻ ചെയ്യപ്പെട്ട ആളുകൾ അതിനു് അനർഹരാണോ എന്നുള്ളതിനു് എന്തെങ്കിലും സംഗതി ഉണ്ടായിട്ടുണ്ടോ, അങ്ങിനെ നോമിനേറ്റ ചെയ്തതുകൊണ്ടു് ഈ സഭയിലെ ഇതുകക്ഷികളും അംഗീകരിച്ചിട്ടുള്ള സമുദായപ്രാതിനിധ്യം ഞെക്കിക്കളഞ്ഞിട്ടുണ്ടോ എന്നുള്ളതു് മാത്രമാണു, എന്നു ഞാൻ ഈ സഭ മുമ്പാകെ ഉണർത്തിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറുടെ പ്രസംഗത്തിനു ശേഷം എനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു് മന്ത്രി നോമിനേറ്റ ചെയ്തതിൽ കാൻഡിഡേറ്റിന്റെ സ്ഥാനാർത്ഥിയോ ആയ ഒരു സ്ത്രീയെ നോമിനേറ്റ ചെയ്തില്ല, ഒരു അച്ചുതവാര്യരെ നോമിനേറ്റ ചെയ്തു എന്നുള്ളതാണു". അതു ഒരു കുറ്റമാണെന്നു അദ്ദേഹം പറയുന്നു. ഈ കാര്യത്തെക്കുറിച്ചു് എനിക്കു നേരിട്ടറിവുള്ളതുകൊണ്ടു് ഈ സഭ മുമ്പാകെ ധരിപ്പിക്കാമെന്നു വിശ്വസിക്കുന്നു. കൊറ്റനെല്ലൂർക്കാരിയായ ഒരു മഹിള, ബി. എ. പാസായി നിയമകോളേജിൽ പഠിച്ചുകൊണ്ടിരുന്ന ഒരു സ്ത്രീ നോമിനേഷൻ സ്ഥാനാർത്ഥിയായിരുന്നുവെന്നു ഞാൻ വിചാരിക്കുന്നു. നിർഭാഗ്യവശാൽ ആ സ്ത്രീ ബി. എൽ. പരീക്ഷയിൽ തോല്ക്കുകയും വീണ്ടും പഠിക്കുവാൻ പോയിരിക്കുകയുമാണു". ആ സ്ത്രീയെ നോമിനേറ്റ ചെയ്യാതിരുന്നതു് ഒരു തെറ്റായി പറയുന്നു. അച്ചുതവാര്യരെ നോമിനേറ്റ ചെയ്തും ഒരു തെറ്റായി പറയുന്നു. അദ്ദേഹം ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെട്ട കക്ഷിയുടെ സപ്പോർട്ടറാണെന്നു പറയുന്നു. ഞങ്ങളുടെ ബഹുമാനപ്പെട്ട സിക്രട്ടറി അവർകളും പറയുന്നു അദ്ദേഹം കൊച്ചിൻ കോൺഗ്രസ്സിലെ അംഗമല്ല എന്നു". മിസ്റ്റർ മൂത്തേടൻ പറയുന്നു സപ്പോർട്ടറാണെന്നു". ഒരു രാമവാര്യരേയോ ഒരു മൂസേപ്പിനേയോ മറ്റാരേയെങ്കിലുമോ നോമിനേറ്റ ചെയ്യുന്നതിനു" കൊച്ചിൻ കോൺഗ്രസ്സിന്റെ സപ്പോർട്ടറാണെന്നുള്ള കാരണംകൊണ്ടു് അച്ചുതവാര്യരെ നോമിനേറ്റ ചെയ്തതു തടസ്ഥമുണ്ടാക്കിട്ടുണ്ടോ? അതുകൊണ്ടു് ഇതു കൂടുതൽ ന്യായമായിട്ടുള്ളതാണെന്നു കണക്കാക്കേണ്ടതല്ലേ? യഥാർത്ഥം പറയുകയാണെങ്കിൽ അച്ചുതവാര്യരെ ഇരിഞ്ഞാലക്കുടയിൽ സ്ഥാനാർത്ഥിയായി നിർത്തിയതു കൊച്ചിൻ കോൺഗ്രസ്സിൽനിന്നല്ല. അച്ചുതവാര്യർ ഖദർ ധരിക്കുന്നതുകൊണ്ടു് അദ്ദേഹം കൊച്ചിൻ കോൺഗ്രസ്സിന്റെ സപ്പോർട്ടറാണെന്നു് ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ള ഞങ്ങളുടെ എതിർകക്ഷിയുടെ നേതാവുപോലും ഖദറാണു ധരിച്ചിരിക്കുന്നതു".

മിസ്റ്റർ ടി. കെ. നായർ : അങ്ങോട്ടേക്കു് ഒരു അഡ്മിഷൻ കിട്ടുവാൻ വേണ്ടിയല്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : മിസ്റ്റർ അച്ചുതവാര്യർ കൊച്ചിൻ കോൺഗ്രസ്സിന്റെ സപ്പോർട്ടറാണെന്നു പറയുന്നതു് ഈ മന്ത്രിയെ തല്ലുന്നതിനു ഏതു വടിയായാലും വിരോധമില്ല എന്ന ഉദ്ദേശത്തിലല്ലേ എന്നു ഞാൻ വിചാരിക്കുന്നു.

നോമിനേഷൻ കാര്യത്തിൽ മന്ത്രി അവർകളും നായർ സമുദായത്തിൽപെട്ട ആളുകളെ കൂടുതൽ അനുകൂലിച്ചുവെന്നു മറ്റൊരാക്ഷേപം അദ്ദേഹം പറയുകയുണ്ടായി. വേറെ ഒന്നുകൂടി പറഞ്ഞു, ആ രാമൻനായർ തിരുവിതാംകൂർകാരനാണു" എന്നു".

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. വി. മുത്തേടൻ : പുത്തൻചിറക്കാരനാണ്".

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ആ രാമൻനായർ തിരുവിതാംകൂറിൽ പുത്തൻചിറക്കാരൻ കൂടിയായിരുന്നുവെന്ന വാദികിൽ സാധുവാകുമായിരുന്നു. അദ്ദേഹത്തിനു തിരുവിതാംകൂറിലും കൊച്ചിയിലും സ്വത്തുക്കളുണ്ട്". എന്നാൽ സ്ഥിരതാമസം കൊച്ചിയിലാണ്". റവന്യൂഉദ്യോഗസ്ഥന്മാർ അയാൾ കൊച്ചിക്കാരനാണെന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്". അങ്ങിനെയുള്ള ഒരാളെ നോമിനേറ ചെയ്തു കൊച്ചിക്കാരനാണെന്നു റവന്യൂ ഉദ്യോഗസ്ഥന്മാർ സർട്ടിഫൈ ചെയ്തതിനു ശേഷം കൊച്ചിയിലെ സ്ഥിരതാമസക്കാരനായ അദ്ദേഹത്തെ തിരുവിതാംകൂർകാരനാണെന്ന് എടുത്തു പറയുവാൻ എന്തെങ്കിലും പറയാതെ നിവൃത്തിയില്ലല്ലൊ എന്ന നില വന്നുകൊണ്ട്" ബഹുമാനപ്പെട്ട ചീലക്കുടി മെമ്പർ അങ്ങിനെ പറഞ്ഞതല്ലേ എന്നു ഞാൻ സംശയിക്കുന്നു.

മിസ്റ്റർ കെ. എസ്സ്". പണിക്കർ : തിരുവിതാംകൂർകാരനാണെന്നു റിപ്പോർട്ടുചെയ്യാത്തതിനു" ഇൻസ്പെക്ടരോട് സമാധാനം ചോദിച്ചിട്ടുണ്ട്".

മിസ്റ്റർ. പി. ഗോവിന്ദമേനോൻ : മന്ത്രി അവർകൾ മെയ്തിട്ടുള്ള നോമിനേഷന്റെ ഒരു ചെറിയ ലിസ്റ്റ് ഞാൻ ഇവിടെ വായിക്കാം. അതിനുദോഷം ബഹുമാനപ്പെട്ട അംഗങ്ങളിൽ ആരെങ്കിലും അദ്ദേഹം എന്തെങ്കിലും പ്രകാരത്തിൽ അനീതി പ്രവൃത്തിച്ചിട്ടുണ്ടോ എന്നുള്ളതു" അറിയുവാൻകഴിയും.

"ചേന്ദമംഗലം പഞ്ചായത്തിൽ ഒരു ഈഴവനേയും ഒരു നായരേയും ഒരു ക്രസ്ത്യനേയും തിരഞ്ഞെടുത്തു, ഒരു ജൂതനേയും ഒരു ക്രസ്ത്യനേയും നോമിനേറ ചെയ്തു.

കുമ്പളങ്ങി പഞ്ചായത്തിൽ നാലു ക്രസ്ത്യാനികളേയും ഒരു ഈഴവനേയും തിരഞ്ഞെടുത്തു, ഒരു ക്രസ്ത്യാനിയേയും ഒരു ഈഴവനേയും നോമിനേറചെയ്തു.

മിസ്റ്റർ കെ. എസ്സ്". പണിക്കർ : ഇല്ല, അങ്ങിനെ ഉണ്ടായിട്ടില്ല.

മിസ്റ്റർ ബി. എം. പീറർ : എന്നു നോമിനേറചെയ്തു ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : നിശ്ചയമില്ല.

ആളൂർ പഞ്ചായത്തിൽ മൂന്നു ക്രസ്ത്യാനികളെ തിരഞ്ഞെടുത്തു, ഒരു ഈഴവനേയും ഒരു നായരേയും നോമിനേറചെയ്തു.

മിസ്റ്റർ കെ. അയ്യപ്പൻ : ഈ ഓർഡർ ഉണ്ടായിട്ടുള്ളതു" ഈ കട്ട"മോഷൻ വരുന്നതിനുമുമ്പോ ഈ ആക്ടുയിലോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : തക്കതായ സമയത്തു".

മിസ്റ്റർ കെ. അയ്യപ്പൻ : ഈ കട്ട"മോഷൻ വരുന്നതിനുമുമ്പു" ഇട്ട ഓർഡറോ അതിനുശേഷമുള്ള ഓർഡറോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഗസറിലും പ്രസിദ്ധപ്പെടുത്തിട്ടുണ്ടായിരുന്നു.

വടമ പഞ്ചായത്തിൽ രണ്ടു ക്രസ്ത്യാനികളേയും ഒരു മുസ്ലിമിനേയും ഒരു ഈഴവനേയും ഒരു നായരേയും തിരഞ്ഞെടുത്തു, ഒരു കൊങ്ങിണിയേയും ഒരു നായരേയും നോമിനേറചെയ്തു.

താന്ന്യം പഞ്ചായത്തിൽ രണ്ടു ഈഴവരേയും മൂന്നു നായന്മാരേയും തിരഞ്ഞെടുത്തു, ഒരു ക്രസ്ത്യാനിയേയും ഒരു മുസ്ലിമിനേയും നോമിനേറചെയ്തു.

മിസ്റ്റർ കെ. എസ്സ്". പണിക്കർ : തെറ്റാണ്". മൂന്നു ഈഴവരേയും രണ്ടു നായന്മാരേയുമാണ് നോമിനേറചെയ്തിട്ടുള്ളതു".

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശരി ശരി (ചിരി). മൂന്നു ഈഴവരേയും രണ്ടു നായന്മാരേയും തിരഞ്ഞെടുത്തു, ഒരു ക്രിസ്ത്യാനിയേയും ഒരു മുസ്ലീമിനേയും നോമിനേറ്റുചെയ്തു. ഞാൻ ബഹുമാനപ്പെട്ട മെമ്പറോട് വാളരെ കടപ്പെട്ടവനാണ് (ചിരി).

ചാഴൂർ പഞ്ചായത്തിൽ മൂന്നു ഈഴവരേയും രണ്ടു അമ്പലവാസികളേയും തിരഞ്ഞെടുത്തു, ഒരു ക്രിസ്ത്യാനിയേയും ഒരു നായരേയും നോമിനേറ്റുചെയ്തു.

ദേശമംഗലം പഞ്ചായത്തിൽ ഒരു നമ്പൂതിരിയേയും രണ്ടു നായന്മാരേയും തിരഞ്ഞെടുത്തു, ഒരു മുസ്ലീമിനേയും ഒരു ഈഴവനേയും നോമിനേറ്റുചെയ്തു.

തിരുവിലാമല പഞ്ചായത്തിൽ അഞ്ചു നായന്മാരെ തിരഞ്ഞെടുത്തു, ഒരു ചെട്ടിയേയും ഒരു നായിഡുവിനേയും നോമിനേറ്റുചെയ്തു.

പാഞ്ഞാൾ പഞ്ചായത്തിൽ ഒരു നമ്പൂതിരിയേയും ഒരു അമ്പലവാസിയേയും രണ്ടു നായന്മാരേയും ഒരു ഈഴവനേയും തിരഞ്ഞെടുത്തു, ഒരു എഴുത്തച്ഛനേയും ഒരു മുസ്ലീമിനേയും നോമിനേറ്റുചെയ്തു.

കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ മൂന്നു കൊണ്ടന്മാരേയും ഒരു ക്രിസ്ത്യാനിയേയും ഒരു മുസ്ലീമിനേയും തിരഞ്ഞെടുത്തു, ഒരു ക്രിസ്ത്യാനിയേയും ഒരു ഈഴവനേയും നോമിനേറ്റുചെയ്തു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊഴിഞ്ഞാമ്പാറയിൽ നായന്മാരില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

നല്ലേപ്പിള്ളി പഞ്ചായത്തിൽ ഒരു ബ്രാഹ്മണനേയും ഒരു ചെട്ടിയേയും ഒരു നായരേയും ഒരു ഈഴവനേയും ഒരു മുസ്ലീമിനേയും തിരഞ്ഞെടുത്തു, ഒരു നായരേയും ഒരു ഈഴവനേയും നോമിനേറ്റുചെയ്തു.

ഇങ്ങിനെയെല്ലാമാണ് നോമിനേറ്റു ചെയ്തിട്ടുള്ളത്.

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോൾ വായിച്ചതിൽ വല്ല തെറ്റുകളും വന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല, തെറ്റില്ല വായിച്ചിട്ടുണ്ട്. ഈ നോമിനേഷൻസ് നടത്തിട്ടുള്ളതിൽ ഈ ഈഴവർ, ഒരു ബ്രാഹ്മണൻ, രണ്ടു മുസ്ലീമിങ്ങൾ, ഒരു ചെട്ടി, ഒരു നായിഡു, ഒരു എഴുത്തച്ഛൻ എന്നിവരാണുള്ളത്.

അതുകൊണ്ട് എനിക്കു ബഹുമാനപ്പെട്ട സഭാമുമ്പാകെ താഴ്മയായി ധരിപ്പിക്കുവാനുള്ളതെന്താണെന്നുവെച്ചാൽ വേറെ ഒരു മന്ത്രിയായാലും ഒരാൾ നോമിനേറ്റുചെയ്യുന്നപോലെയായിരിക്കയില്ല മറ്റൊരാൾ ചെയ്യുന്നത് എന്നുള്ളതാണ്. ഈ സംഖ്യകൾ വായിച്ചതിനുശേഷം മന്ത്രി അവർകളുടെ ഭരണം ദുഷ്യമാണ് അല്ലെങ്കിൽ ആക്ഷേപാർഹമാണ് എന്നു പറയത്തക്കവിധത്തിൽ, അതു അക്രമപരമായ വിധത്തിൽ, നീതിന്യായങ്ങൾക്കു വിപരീതമായ വിധത്തിൽ ഭരണം നടത്തിട്ടുണ്ടെന്നു ഈ നിയമസഭയിലെ ഒരൊറ്റ അംഗത്തിനും പറയുവാൻ സാധിക്കയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പറഞ്ഞ അച്ചുതവാര്യർ പഞ്ചായത്തു പ്രസിഡെണ്ടായിരുന്നിട്ടു രാജിവെക്കുവാനുണ്ടായ കാരണമെന്ത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനിക്കറിവില്ല.

അതുകൊണ്ട് എനിക്ക് ഈ സഭയെ ബോധിപ്പിക്കുവാനുള്ളത് നോമിനേഷൻ ചെയ്തിട്ടുള്ളതിൽ ഏതെങ്കിലും വിധത്തിലുള്ള നയക്ഷുദ്രങ്ങൾ വന്നിട്ടുണ്ടെന്നല്ലാതെ ഈ നിയമസഭയിൽ ആക്ഷേപം പറയുവാൻ തക്ക വിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒന്നും ഉണ്ടായിട്ടില്ല. ഇന്നയിന്ന ആളെ ഇന്നയിന്ന സ്ഥലത്തു് എന്തുകൊണ്ടു് നോമിനേറ്റുചെയ്തു, ഇന്നയിന്ന ആളെ ഇന്നയിന്ന സ്ഥലത്തു് എന്തുകൊണ്ടു് നോമിനേറ്റു ചെയ്തില്ല എന്നുള്ള ചോദ്യം ഏതു മന്ത്രിയോടും ആർക്കും ചോദിക്കാം. നോമിനേഷൻ ചെയ്തിട്ടുള്ളതിന്റെ നയത്തെപ്പറ്റിയാണു പ്രധാനമായിട്ടു നോക്കുവാനുള്ളതു്. തിരഞ്ഞെടുപ്പിനു നിന്ന പഞ്ചായത്തു കൌൺസിലിൽ പ്രവേശിക്കുവാൻ നിവൃത്തിയില്ലാതെ വന്നിട്ടുള്ള പ്രാപ്തന്മാരായ ആളുകളെ പ്രവേശിപ്പിക്കുവാൻ വേണ്ടിയും, അതോടൊപ്പംതന്നെ തിരഞ്ഞെടുപ്പിൽ വന്നിട്ടുള്ള സാമുദായികപ്രാതിനിധ്യദൃഷ്ടിയെ പരിഹരിക്കുവാനായിട്ടാണു് സാമാന്യമായി നോമിനേഷൻ നടത്തുന്നതു്(ഹിയർ, ഹിയർ). ആ നയത്തിനു ദോഷംതട്ടാതെ കഴിവിധത്തിൽ സാമാന്യേന മന്ത്രി പ്രവൃത്തിക്കുന്നുണ്ടെന്നു് എതുകക്ഷിക്കു ബോദ്ധ്യപ്പെട്ടുത്തുവാൻ സാധിക്കുമെന്നുണ്ടെങ്കിൽ പഞ്ചായത്തു നോമിനേഷൻ കാര്യത്തിൽ മന്ത്രി തെറ്റുചെയ്തുവെന്നു പറയാമെന്നല്ലാതെ കൂടുതലായി മറ്റൊന്നും പറയുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മുകുന്ദപുരം മെമ്പർ അവർകളും തന്റെ പ്രസംഗത്തിനിടയിൽ സാമാന്യമായി ചെയ്ത ആക്ഷേപത്തിനിടക്കു് ഒരു പ്രത്യേക കാര്യം പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതു് മന്ത്രി രണ്ടു് ആരോഗ്യകേന്ദ്രങ്ങൾ ഇല്ലാതാക്കുവാൻ ഉള്ള പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നാണു്. ഈ കാര്യത്തിൽ മന്ത്രിക്കും മന്ത്രി ഉൾപ്പെട്ട കക്ഷിക്കും സ്ഥാനമുണ്ടെന്നും, മന്ത്രി പ്രവൃത്തിച്ചിട്ടുള്ളതു തീരെ അന്യായമാണെന്നും പറയുന്നതു് ആക്ഷേപാർഹമല്ലേ എന്നു ബഹുമാനപ്പെട്ട മെമ്പർമാർ ഓർക്കേണ്ടതാണു്. മിസ്റ്റർ കെ. എസ്സ്. പണിക്കർ, നിലനിന്നുവരുന്ന സ്ഥാപനങ്ങളെ ഇല്ലാതാക്കിയതു്; പഴയ ഗവർമ്മെണ്ടു നടപടിയനുസരിച്ചു് ഉണ്ടായിരുന്ന ആരോഗ്യകേന്ദ്രങ്ങളെ ഇല്ലാതാക്കിയതു് മന്ത്രിയുടെ ഭരണദൃഷ്ടിയാണെന്നും അതുകൊണ്ടു മന്ത്രിയെ സ്ഥാനത്തുനിന്നും മാറ്റണമെന്നും പറഞ്ഞ അവസരത്തിൽത്തന്നെ മിസ്റ്റർ എം. എൽ. ജോസഫും അതേമാതിരി മല്ലൂക്കര ഫാറം നിക്കംചെയ്തതിനെക്കുറിച്ചും മന്ത്രി അവർകളെ ആക്ഷേപിച്ചിട്ടുണ്ടു്. ഹെൽത്തു സെൻറർ ഇല്ലാതാക്കിയതും മല്ലൂക്കര ഫാറം നീക്കംചെയ്തതും ഓരോ കാരണങ്ങളായി പറഞ്ഞു് മിസ്റ്റർ പണിക്കരും മിസ്റ്റർ എം. എൽ. ജോസഫും തമ്മിലുണ്ടായ സംഘട്ടനത്തിന്റെ പോളിസിയെക്കുറിച്ചു് ആലോചിക്കുമ്പോൾ ഞങ്ങൾ അംഗീകരിച്ചിട്ടുള്ള നയം ഒരുപക്ഷേ ഈ നിയമസഭയിലെ ഭൂരിപക്ഷം അംഗങ്ങൾക്കും സ്വീകാര്യമാണെന്നുവരുത്തുവാൻ ഇടവരുകയല്ലേ ചെയ്യുന്നതെന്നു ഞാൻ വിചാരിക്കുന്നു. ഹെൽത്തു സെൻറർ നമ്മുടെ നാട്ടിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കും യാതൊരുപയോഗവും ചെയ്യുന്നില്ലെന്നും, അതില്ലാതാക്കേണ്ടതാണെന്നും ആ സ്ഥാനത്തു് ഓരോ വില്ലേജുകളിലും ഓരോ സൂതികർമ്മിണികളെ വീതം വെക്കേണ്ടതാണെന്നും ഈ നിയമസഭയിൽ ആദ്യകാലം മുതൽ അഭിപ്രായപ്പെട്ടിട്ടുള്ളതിനെ മന്ത്രി അവർകളും അംഗീകരിച്ചിട്ടുള്ളതു് ഈ നിയമസഭയിലെ ആവർത്തിതമായ അഭിപ്രായത്തെ അദ്ദേഹം സ്വീകരിക്കുക മാത്രമാണു ചെയ്തിട്ടുള്ളതു്. ഈ സഭയുടെ ആവർത്തിതമായ അഭിപ്രായത്തെ മന്ത്രി അവർകളും അംഗീകരിച്ചിട്ടുള്ളതു്, ഈ കൊച്ചി നിയമസഭയുടെ ആക്ഷേപത്തിനു പാത്രമായിട്ടുള്ള ദൃഷ്ടാന്തങ്ങളെ ഇല്ലാതാക്കുവാനുള്ള പരിപാടിയിൽ അദ്ദേഹം പ്രവേശിച്ചിട്ടുള്ളതു് മന്ത്രി അവർകളും തീച്ചയായും കൊച്ചിയിലെ നികുതിദായകന്മാരുടെ അഭിനന്ദനത്തിനു പാത്രമാകുവാൻ കാരണമായിട്ടുണ്ടെന്നാണു് എന്റെ പരിപൂർണ്ണമായ വിശ്വാസം. ഈ ഒരു സംഗതി അദ്ദേഹത്തിന്റെ ഭരണത്തിൽ അവിശ്വാസം രേഖപ്പെടുത്തുവാനായി മിസ്റ്റർ പണിക്കർ കൊണ്ടുവന്നിട്ടുള്ളതു് ഞാൻ ആദ്യം പറഞ്ഞ മാതിരി എന്തെങ്കിലും ഒരു കാരണം പറയണമെന്നുള്ളതു മാത്രമായിട്ടേ, അതിലേക്കുള്ള ഒരു ഉദാഹരണമായിട്ടേ ഞാൻ കണക്കാക്കുന്നുള്ളൂ. പ്രധാനമായി അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ഹത്തിന്റെ പ്രസംഗത്തിൽ മന്ത്രിയെ ആക്ഷേപിക്കുന്നതിനു് ഈ ഒരു സംഗതി മാത്രമേ മിസ്റ്റർ പണിക്കർ പറഞ്ഞിട്ടുള്ളുവെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ആദ്യം പറഞ്ഞമാതിരി ഈ ഏകകാരണംകൊണ്ടുതന്നെ ഈ അവിശ്വാസപ്രമേയത്തെ സ്വാഗതം ചെയ്യുന്നു. മന്ത്രിയുടെ പേരിൽ അവിശ്വാസപ്രമേയം പാസാക്കുവാൻ പോകുന്നു, പാസാക്കുവാൻ പോകുന്നു എന്നുള്ള കാരം കോളംകൂടിയിരിക്കുന്നു, മന്ത്രി കുതിരപ്പുറത്തുനിന്നും വീണുപോയേക്കുമോ എന്നു ശങ്കിച്ചു് കമ്പിയും കാത്തിരിക്കുന്ന ഈ അവസരത്തിൽ ഈ മന്ത്രിയുടെ പേരിൽ അവിശ്വാസപ്രമേയം പാസാക്കുന്നതിനു്, കൊച്ചിയിലെ ബഹുമാനപ്പെട്ട മന്ത്രിയുടെ സ്ഥാനം ഇല്ലാതാക്കുന്നതിനു്, അദ്ദേഹത്തിന്റെ ഭരണം നിന്ദാർഹമാണു്, ആക്ഷേപാർഹമാണു് എന്നു രേഖപ്പെടുത്തുന്നതിനു കാരണങ്ങളായി ഈ നിയമസഭയിൽ കൊണ്ടുവരുവാനിടയായിട്ടുള്ള ആക്ഷേപങ്ങൾ ഇത്രമാത്രമേ ഉള്ളുവെന്നു തീർച്ചയായും പൊതുജനാഭിപ്രായത്തിന്റെ ദൃഷ്ടിയിൽ മന്ത്രിക്കും മന്ത്രി ഉൾപ്പെട്ട കക്ഷിക്കും അതിൽ കൂടുതലായി പുറമേയുള്ളവക്കും മനസ്സിലാക്കുന്നതിനു പര്യാപ്തമാകുമല്ലൊ എന്നുള്ള പൂർണ്ണവിശ്വാസം കൊണ്ടാണു ഞാൻ ഈ അവിശ്വാസപ്രമേയത്തെ സ്വാഗതം ചെയ്യുന്നതു്. അതുകൊണ്ടു് ഈ അവിശ്വാസപ്രമേയം കൊണ്ടുവന്നതിൽ എതുകക്ഷിയുടെ മുമതലയും അവകാശവും ഉപയോഗിച്ചു് ആക്ഷേപപൂർവ്വം ഇതിനെ എതിർക്കുവാനായിട്ട മാത്രം കൊണ്ടുവന്നതാണെന്നു പ്രത്യക്ഷപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ഉപക്ഷേപത്തിന്റെ ഫലമായിട്ടു് ഈ മന്ത്രിയും മന്ത്രിയുടെ കക്ഷിയും കൂടുതൽ മതിപ്പിനും പൊതുജനങ്ങളുടെ ദൃഷ്ടിയിൽ കൂടുതൽ നിലനില്പിനും പര്യാപ്തരാകുമെന്നു ഞാൻ വിശ്വസിക്കുന്നു. എതുകക്ഷിക്കു വളരെ അധികം പരിശോധനയും പരീക്ഷണങ്ങളും നടത്തിയതിനു ശേഷം ഇത്ര മാത്രമേ മന്ത്രിയെക്കുറിച്ചു പറയുവാൻ കിട്ടിയുള്ളുവെന്നു പ്രത്യക്ഷമായിട്ട പറയാറായിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഈ അവിശ്വാസപ്രമേയത്തെക്കുറിച്ചു മന്ത്രിക്കും മന്ത്രിയുടെ കക്ഷിയായ കൊച്ചിൻ കോൺഗ്രസ്സിനും നല്ല ആദർശങ്ങളോടും, സ്വാതന്ത്ര്യത്തോടും, പൊതുജനകാര്യങ്ങളിൽ തൽപരതയോടും, താല്പര്യത്തോടുംകൂടി പ്രവൃത്തിക്കുവാനുള്ള സന്നദ്ധതയുടെ ഒരു നിശ്ശങ്കമായ ശംഖധ്വനിയായി ഈ വാദപ്രതിവാദം അന്തരീക്ഷത്തിൽ മുഴങ്ങുമെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടി ഞാൻ വിരമിക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം അവിശ്വാസ പ്രമേയമെന്നു് ഇപ്പോൾ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ തീർച്ചയാക്കിയതുപോലെ ഞങ്ങൾ പറഞ്ഞിട്ടില്ല. ദിവാൻ പ്രസിഡെണ്ടു് അവർകളുടെ പ്രസംഗത്തിൽനിന്നൊ ഈ ഉപക്ഷേപം അവതരിപ്പിച്ച മെമ്പറുടെ പ്രസംഗത്തിൽനിന്നൊ അങ്ങിനെ തീർച്ചയാക്കാവുന്നതുമല്ല. ഒരു അവിശ്വാസപ്രമേയം അവതരിപ്പിച്ചാൽ അതു് പാസാകുമോ എന്നുള്ള ഒരു സംശയമാത്രം പ്രചരിപ്പിച്ചുകൊണ്ടു് അതിന്റെ ഫലത്തെ തീർച്ചയാക്കുവാൻ നിവൃത്തിയില്ല. അവിശ്വാസപ്രമേയം പാസായാലും ഇല്ലെങ്കിലും, വോട്ടിനിട്ടാലും ഇല്ലെങ്കിലും ബഹുമാനപ്പെട്ട മുളകുന്നത്തുകാവു മെമ്പർ പറഞ്ഞതുപോലെ അതു് ശംഖധ്വനിയായിരിക്കുമോ മറവല്ലധ്വനിയുമായിരിക്കുമോ എന്നുള്ളതു് ആ പ്രമേയത്തിൽ ഉൾക്കൊണ്ടിട്ടുള്ള വസ്തുതകളുടെ യാഥാർത്ഥ്യത്തെ അനുസരിച്ചിരിക്കും. പ്രസംഗംകൊണ്ടുള്ള ശംഖധ്വനിയും മറവും ബഹുജനങ്ങളുടെയിടയിലൊന്നും കേൾക്കുകയില്ല. സാധാരണ എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മുളകുന്നത്തുകാവു മെമ്പർ ഒരുവിധം ന്യായമില്ലാത്ത കാര്യങ്ങൾക്കുകൂടി ന്യായങ്ങൾ കണ്ടുപിടിച്ചു് അതിനെ സമർത്ഥിക്കുവാൻ വലിയ പാടവം

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കാവുള്ള ഒരാളാണ്". അദ്ദേഹത്തിനുകൂടി ഈ ഉപക്ഷേപത്തിൽ അടങ്ങിട്ടുള്ള വസ്തുതകളേയൊ ഇതിന്റെ തത്വത്തേയൊ എതുക്കുവാൻ സാധിച്ചില്ലല്ലോ എന്നുള്ളതോക്കേമ്പോൾ എനിക്കു് ഈ ഉപക്ഷേപം പരമാർത്ഥ സ്ഥിതിയിൽ അത്രയളരെ ബലവത്താണെന്നു തോന്നുന്നുണ്ടു്. വാദങ്ങൾ പറഞ്ഞു പ്രമേയത്തിന്റെ വക്കിലും മൂലയിലും നിന്നുകൊണ്ടു് ഒന്നും പറയുവാൻ നിവൃത്തിയില്ലാത്ത കൊച്ചിൻ കോൺഗ്രസ്സു് കക്ഷിയിലെ മഹാരഥന്മാരിൽ ഒരു മഹാരഥനായ ബഹുമാനപ്പെട്ട മുളകുന്നത്തുകാവു മെമ്പർ തൽക്കാലം കിട്ടിയ ഒരു കടലാസുകൊണ്ടുവന്നു് ശംഖനാദം മുഴക്കുവാൻ തുടങ്ങിയതിൽ അദ്ദേഹത്തിന്റെ പരാജയത്തെപ്പറ്റി അദ്ദേഹത്തോടു് എനിക്കു വളരെ അനുകമ്പ തോന്നുന്നുണ്ടു്. (ചിരി)

എന്താണു് ഇവിടത്തെ വാദമെന്നുള്ളതു് ഓരോന്നായിട്ടു പറയാം. ആദ്യമായി നോമിനേഷൻ കാര്യം എടുക്കാം. ആ അവസരത്തിൽത്തന്നെ എനിക്കു വേറെ ഒരു സംഗതി പറയുവാൻ ഇടവന്നുപോകുന്നു. ഒരു ഡാനിയൽ ഈ കൌൺസിലിൽ ചിലപ്പോഴെല്ലാം വരാറുണ്ടു്. പല അവസരങ്ങളിലും സമുദായ പ്രാതിനിദ്ധ്യകാര്യം വരുമ്പോൾ ആ ഡാനിയൽ വരാറുണ്ടു്.. ആ ഡാനിയലിനെപ്പറ്റി സ.പല്പുമൊന്നു ഇവിടെ പറയാതെ നിവൃത്തിയില്ല. ആ ഡാനിയൽ വിചാരിക്കുന്നു, ചെത്തിന്റെ കാര്യം പറഞ്ഞാൽ ഈഴവരുടെ സമ്പത്തുക്കളും തളർന്നുപോകുമെന്നു്. മീൻപിടിത്തക്കാരൻ സമ്പത്തിന്റെ താക്കോൽപിടിക്കുന്നനിലവരെ ഉയരുന്നതിനു സാധിക്കുമോ ഒരു സംസ്കാരത്തിൽ പെടുന്ന ആളാണു് അദ്ദേഹം. ആ സംസ്കാരത്തിന്റെ കാര്യമെല്ലാം തോട്ടത്തിലേക്കുപോയപ്പോൾ അദ്ദേഹം മറന്നുപോയിരിക്കാം. തെങ്ങിന്റെ മുകളിൽ നിന്നു ഇറങ്ങിവന്ന മഹർഷിയാകാൻ സാധിക്കുമെന്നു വിശ്വസിക്കുന്നവരാണു ഞങ്ങൾ. തെങ്ങിന്റെ മുകളിൽനിന്നിറങ്ങീട്ടു പഞ്ചായത്തുവരെയല്ല, നിയമസഭവരേയും ദിവാൻജിയുടെ സ്ഥാനംവരേയും പോകുവാനുള്ള കഴിവു തെങ്ങുചെത്തുന്നവനിലും ഉണ്ടെന്നു വിശ്വസിക്കുന്നവരാണു ഞങ്ങൾ. അതുകൊണ്ടു ചെത്തുകാരൻ എന്നു കേൾക്കുമ്പോൾ ഈഴവരുടെ സമ്പന്നാഡികളും തളർന്നുപോകുമെന്നുള്ള ധാരണ ഈ പരിഷ്കൃതകാലത്തു് വെച്ചുകൊണ്ടിരിക്കാതിരുന്നാൽകൊള്ളാം. ചെത്തിലൊ, കള്ളിലൊ, ചാരായത്തിലൊ ഒരു തരക്കേടും ഇല്ല. കള്ളു കുടിക്കുന്നതിലാണു തരക്കേടു്. അതുണ്ടാക്കിക്കൊടുക്കുന്ന ഞങ്ങളോടു് ഒരു നന്ദിയെങ്കിലും പറയുവാനില്ലാതെ (ചിരി) ഞങ്ങളെ ആക്ഷേപിക്കുന്നതു കഠിനമെന്നേ പറയാനുള്ളൂ. തെങ്ങിന്റെ മുകളിൽനിന്നു വരുന്നവരിൽ നിയമസഭയിലിരിക്കുന്നവരേക്കാൾ കാര്യപ്രാപ്തി കാണപ്പെട്ടാൽ. അങ്ങിനെ തെങ്ങിന്റെ മുകളിൽ ഇരിക്കുന്നവക്കുള്ളിടത്തോളമെങ്കിലും വിവേകം നിയമസഭയിലിരിക്കുന്നവർ കാണിക്കേണ്ടതാണു".

മിസ്റ്റർ വി. ജെ. മത്തായി: സമുദായ പ്രാതിനിദ്ധ്യംനോക്കി കൊടുത്തുവൊ, അല്ലാതെ കൊടുത്തുവോ?

മിസ്റ്റർ കെ. അയ്യപ്പൻ: സമുദായങ്ങൾ ഇൻഡ്യയിലുണ്ടെങ്കിൽ, അതു് ഇവിടെ ദേശീയമായി വരണമെന്നുണ്ടെങ്കിൽ, എല്ലാവരും യോജിച്ചുപോകണമെന്നുണ്ടെങ്കിൽ സമുദായ പ്രാതിനിദ്ധ്യ തത്വത്തെ സമ്മതിക്കാതെ നിവൃത്തിയില്ല.

മിസ്റ്റർ വി. ജെ. മത്തായി: അതു് സ്റ്റേറ്റു കോൺഗ്രസ്സുപാർട്ടി സമ്മതിക്കുന്നുണ്ടെങ്കിൽ ഡെപ്യൂട്ടി പ്രസിഡണ്ടു് ഉദ്യോഗം ആക്കു കൊടുത്തു?

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻതോറ്റു, സമ്മതിച്ചു. സംസ്കൃതത്തിൽ ഒരു ശ്ലോകമുണ്ടു്, അരസികർക്കു് കവിത്വ നിവേദനം ചെയ്യാൻ തലയിലെഴു

LIBRARY ARCHIVES Kerala Legislative Assembly

ത്തല്ലെ എന്നു" എത്ര ന്യായം പറഞ്ഞാലും കേൾക്കാത്തവരോട് ന്യായം പറയുവാനുള്ള ശിരോലിഖിതം ഉണ്ടാകല്ലെ എന്നാണു ഞാൻ പറയുന്നതു". (ചിരി)

നോമിനേഷനെ സംബന്ധിച്ചിടത്തോളം പ്രധാനമായി ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള തത്വം തിരഞ്ഞെടുപ്പിൽ ജയം കിട്ടീട്ടില്ലാത്ത സമുദായങ്ങളിൽനിന്നു നോമിനേഷൻ കൊടുക്കണമെന്നുള്ളതാണു". ഇവിടെ പറഞ്ഞ ചില ദൃഷ്ടാന്തങ്ങളിൽനിന്നു" ഈ തത്വം ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടില്ലെന്നു തെളിയുന്നുണ്ടു". അതിനുള്ള യാതൊരു സമാധാനവും ബഹുമാനപ്പെട്ട മുള്ളൂർക്കാവു മെമ്പർ പറഞ്ഞിട്ടില്ല. അദ്ദേഹം ഒരു ലിസ്റ്റുകൊണ്ടുവന്നു" തിരഞ്ഞെടുപ്പിൽ ജയംകിട്ടാത്ത സമുദായങ്ങൾക്കും, തിരഞ്ഞെടുപ്പിൽ ജയം കിട്ടുവാനിടയില്ലാത്ത സമുദായങ്ങൾക്കും കൊടുക്കേണ്ട പ്രാതിനിധ്യം തിരഞ്ഞെടുപ്പിൽ ജയിച്ച സമുദായങ്ങൾക്കുതന്നെ കൊടുത്തിട്ടുണ്ടെന്നുള്ളതിനു ചില ദൃഷ്ടാന്തങ്ങൾ വായിക്കുകയുണ്ടായി. എനിക്കു തോന്നുന്നില്ല ആ നോമിനേഷൻസ് സമുദായപക്ഷപാതം വെച്ചുകൊണ്ടാണു ചെയ്തിട്ടുള്ളതെന്നു". ബഹുമാനപ്പെട്ട മാലക്കുടി മെമ്പർ പറഞ്ഞതുപോലെ വേറെ ഒരു കാരണംകൊണ്ടു" അങ്ങിനെ വന്നതായും വരാം. അതായതു" കക്ഷിപ്രീതി പത്തികൊണ്ടു ചെയ്തു എന്നുവരാം. തിരഞ്ഞെടുപ്പിൽ ജയിക്കാത്ത സമുദായക്കാർക്കു പ്രാതിനിധ്യം കൊടുക്കത്തതിനെപ്പറ്റി മുള്ളൂർക്കാവു മെമ്പർ ഒരു സമാധാനവും പറഞ്ഞില്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: അവിടെ മറുവിധത്തിൽ കൊടുക്കാത്തതുകൊണ്ടു പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: മൂന്നു കുസ്ത്യാനികൾ തിരഞ്ഞെടുപ്പിൽ ജയിച്ച സ്ഥലത്തു" വീണ്ടും ഒരു കുസ്ത്യാനിയെ നോമിനേറു ചെയ്തിരിക്കുന്നു. സാധാരണയായി പഞ്ചായത്തുകളിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ ജയിച്ച ഒരാൾ പ്രസിഡെണ്ടാകുവാൻ വിചാരിക്കും. ആ പ്രസിഡെണ്ടു" നിശ്ചയിക്കുന്ന ആളുകളേയോ പ്രസിഡെണ്ടിൻെറ ആളുകളേയോ നോമിനേറു ചെയ്യണമെന്നു പറയുമ്പോൾ അതിനെല്ലാം വഴിപ്പെടുകയാണെങ്കിൽ ഈ നിയമസഭയും ഗവണ്മെൻറും സ്വീകരിച്ചിട്ടുള്ളതായ സമുദായ പ്രാതിനിധ്യതത്വം പാലിക്കുവാൻ സാധിച്ചില്ലെന്നു വരാം. അങ്ങിനെ വന്നിരിക്കുന്നു എന്നുള്ള ഒരു പരാതിയാണു" ഈ ഉപക്ഷേപത്തിൽ പറഞ്ഞിരിക്കുന്നതു".

മിസ്റ്റർ ടി. എ. രാമവാര്യർ: വെറുതെ പറഞ്ഞാൽ മതിയൊ?

മിസ്റ്റർ കെ. അയ്യപ്പൻ: വെറുതെയല്ല. കാര്യകാരണസഹിതമാണു പറഞ്ഞതു".

ഈ ഉപക്ഷേപത്തിലുള്ള ഒരു പ്രധാന സംഗതി അധികാരത്തിലിരിക്കുന്ന കക്ഷിയുടേയും, എതുകക്ഷിയുടേയുമെല്ലാം, അഭിമാനത്തെ സംബന്ധിക്കുന്നതാണു". ദിവാൻജിയവർകളുടെ ഒരു പ്രസംഗത്തിൽ അഞ്ചുലക്ഷം ഉറുപ്പിക മന്ത്രിയെ ഏല്പിക്കാമെന്നു പറഞ്ഞിട്ടുണ്ടു". ശരിയായ സ്കീം ഉണ്ടാക്കണമെന്നേ ദിവാൻ ആവശ്യപ്പെട്ടിട്ടുള്ളൂ. ആ പ്രസംഗംകഴിഞ്ഞതിനുശേഷം ഇതുവരെ വാസ്തവത്തിൽ ഒരു സ്കീം ഉണ്ടു", പണം പോരാ എന്നു പറയുവാൻ മന്ത്രി അവർകൾക്കു സാധിച്ചിട്ടില്ല. അവിടെയിരിക്കുന്നവരുടേയും ഇവിടെയിരിക്കുന്നവരുടേയും അഥവാ മന്ത്രിയുടെതന്നേയും മനസ്സിൽകടന്നുനോക്കിയാൽ അതു തെറ്റിപ്പോയി എന്നുള്ള ബോധം സാമാന്യമായിട്ടു അവിടെ കാണാതിരിക്കയില്ല. (ഹിയർ, ഹിയർ) ദിവാൻജിയവർകൾ അങ്ങിനെപ

LIBRARY ARCHIVES Kerala Legislative Assembly

റഞ്ഞുകഴിഞ്ഞാൽ സ്ക്രീനിനോ പ്രയാസം. ഒരു സ്ക്രീം തയ്യാറാക്കി അങ്ങോട്ട വച്ചുകൊടുക്കണം. സ്ക്രീം തയ്യാറാക്കി മുമ്പിൽ വെച്ചുകൊടുത്തിട്ട് ദിവാൻജി യവർകളെ തൃപ്തിപ്പെടുത്തണം. അക്കാര്യത്തിൽ അങ്ങിനെ ബഹുമനപ്പെട്ട മ ന്ത്രിഅവർകൾ ദിവാൻജി അവർകളെ തൃപ്തിപ്പെടുത്താതിരുന്നതു് ശരിയായി ട്ടില്ല. ദിവാൻജിയവർകളെ, സ്ക്രീം ഇതാ; പണം തരൂ എന്നു പറയണം. ഏ ത്ര ലക്ഷത്തിനെങ്കിലും സ്ക്രീം കൊടുക്കുവാൻ പാടില്ലേ? തൽക്കാലം അഞ്ചുല ക്ഷത്തിനുള്ള ഒരു സ്ക്രീം കൊടുക്കാം. അതു് എന്തുകൊണ്ടു കൊടുത്തില്ല എന്നു ള്ള ഒരു ചോദ്യം നാട്ടുപുറങ്ങളിൽനിന്നുവരും. ബഹുമാനപ്പെട്ട മുളങ്കുന്നത്തു കാവു മെമ്പർക്കും അദ്ദേഹത്തിന്റെ കക്ഷിക്കും അറിയാം മന്ത്രി ചെയ്യാത്തതു തെറ്റാണെന്നു്. ഈ ഉപക്ഷേപത്തിലെ ഏറ്റവും പ്രധാന സംഗതി അതാ ണു്. അതുകൊണ്ടു മന്ത്രി അവർകൾ സ്ക്രീം തയ്യാറാക്കാത്തതു് ഒരു വലിയ അപരാധമായിട്ടതന്നെ അദ്ദേഹത്തിന്റെപേരിൽ നില്ക്കും.

ഞങ്ങളുടെ ഉദ്ദേശം ബഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു മെമ്പർ പറഞ്ഞതു പോലെ എതിർപ്പിനുവേണ്ടി എതിർപ്പു നടത്തണം എന്നുള്ളതല്ല. ഇവിടെ നട പ്പിൽ വരുത്തീട്ടുള്ള ഭരണപരിഷ്കാരം നടത്തിക്കൊണ്ടുപോയതിനെ വിജയ പ്രദമാക്കത്തക്കവിധത്തിൽ ഉള്ള സൃഷ്ടിപരമായ-കൺസ്ട്രക്ടീവു്-ഓപ്പസിഷൻ നടത്തണമെന്നുള്ളതാണു ഞങ്ങളുടെ ഉദ്ദേശം. ബഹുമനപ്പെട്ട മുളങ്കുന്നത്തു കാവുമെമ്പർ ഓപ്പസിഷനിൽ ഒരുകാലത്തു വരുമ്പോൾ അങ്ങിനെ ഓപ്പോ സിഷൻ നടത്തിക്കൊള്ളട്ടെ. ശരിയായ പാർലിമെൻററി ഭരണസമ്പ്രദായ ത്തിന്റെ തത്വമല്ല ഓപ്പസിഷനുവേണ്ടി ഓപ്പസിഷൻ നടത്തുക എന്നുള്ള തു്. എങ്കിലും ഞങ്ങൾ ഒരു സംഗതിയിൽ സന്തോഷിക്കുന്നു. ഓപ്പസിഷ ൻ വരുമ്പോൾ വളരെ ശക്തിയോടുകൂടി അതിനെ എതുത്തു നില്ക്കുവാൻ പോ രെടുത്തിട്ടുള്ള കക്ഷിക്കു ശക്തിയുണ്ടെന്നു കാണിക്കുവാനുള്ള കരുത്തോടുകൂടി യിരിക്കുന്നതുകൊണ്ടു്. ഉത്തരവാദിത്വഭരണം കയ്യേറിട്ടുള്ള ആളുകൾ മഹാര ഥന്മാർതന്നെയാണെന്നുള്ള ആശ്വാസം ഞങ്ങൾക്കുണ്ടു്. ഞങ്ങൾ സൃഷ്ടിപര മായുള്ള സദുദ്ദേശത്തോടുകൂടി, ഭരണം ജനങ്ങൾക്കു ഉപകാരപ്രദമാക്കിത്തീർക്ക ണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഈ ഉപക്ഷേപത്തെ ഭര ണം കയ്യേറിട്ടുള്ളകക്ഷി എങ്ങിനെ സ്വാഗതം ചെയ്യുന്നുവോ അതുപോലെത ന്നെ അവരുടെ എതിർപ്പുകൊണ്ടു് ഈ ഉപക്ഷേപത്തിനു കൂടുതൽ ഗുണം ചെ യ്യുവാനുള്ള സന്നദ്ധത കാണിക്കുന്നതായ മനസ്ഥിതിയെ ഞങ്ങൾ സ്വാഗ തം ചെയ്യുന്നു. സ്വാഗതവും സ്വാഗതവും തമ്മിൽ തട്ടിക്കഴിച്ചു കഴിഞ്ഞാലും ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള ആക്ഷേപം എപ്പോഴും കണ്ണുംമിഴിച്ചു് ആ കക്ഷിയുടെ മുമ്പിലും ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിലും നില്ക്കുകയേയുള്ളൂ. ഇതിനു് വാസ്തവത്തിൽ കാര്യകാരണങ്ങളോടുകൂടി സമാധാനം പറയണം. വന്നുപോയ തെറ്റുകളെ തിരുത്തുന്ന നടപടികളെക്കൊണ്ടു സമാധാനം പറ യണം. അല്ലാതെ വെറും ശംഖധ്വനി മാത്രംകൊണ്ടു് സമാധാനം പറഞ്ഞാ ൽ ഫലമില്ല. ശംഖധ്വനികേട്ടാൽ തൊഴാൻ മറന്നുള്ളവർ പോകയല്ലാതെ ഞങ്ങൾ പോകയില്ല. ഇവിടെ മുഴക്കുന്നതു ശംഖധ്വനിയല്ല. കാഹളധ്വ നിയാണു്. ഈ ധ്വനി കേൾക്കുമ്പോൾ ഇടക്കു ശംഖധ്വനി മുഴക്കാമെന്നു് ബ ഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു മെമ്പറും മറ്റും വിചാരിക്കണ്ടാ. ഈ ഉപ ക്ഷേപം ഒരു അവിശ്വാസപ്രമേയമാണെന്നു ദിവാൻ പ്രസിഡണ്ടു് പറഞ്ഞി ട്ടില്ല, വേണമെങ്കിൽ അവിശ്വാസപ്രമേയമാക്കാമെന്നല്ലാതെ അവിശ്വാസ പ്രമേയമായിട്ടു് എടുക്കണമെന്നു പറഞ്ഞിട്ടില്ല. ഒരു അവിശ്വാസപ്രമേയ ത്തിന്റെ നിലയിലല്ല അവതാരകൻ ഇതുകൊണ്ടുവന്നിട്ടുള്ളതു്. സ്വല്പമെ ങ്കിലും ഉത്തരവാദിത്വഭരണം ഇല്ലാതിരുന്ന അവസരത്തിലും, ശവമെന്നിനെ മിക്കവാറും തോല്പിക്കുവാൻ സാധിക്കുമെന്നു തിരിച്ചുണ്ടായിരുന്ന അവസര

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും എന്തുദ്ദേശത്തോടുകൂടി രേണത്തിലെ ന്യൂനതകൾ കാണിക്കുവാൻ ഉപക്ഷേപങ്ങൾ കൊണ്ടുവന്നിരുന്നുവൊ അതേമാതിരി ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഒരു ഉപക്ഷേപമായിട്ടാണോ ഇതിനെ എടുക്കേണ്ടതു്.

(At this stage the Hon'ble the President took the Chair)

മദിരാശി അസംബ്ലിയിൽ അവിശ്വാസപ്രമേയം കൊണ്ടുവന്നിട്ടു് വല്ല ഫലവുമുണ്ടായോ? എങ്കിലും ഗവൺമെണ്ടിന്റെ ന്യൂനതകളെ കാണിക്കുവാൻ സാദ്ധ്യമായ മാർഗ്ഗങ്ങളിൽ കൂടിയെല്ലാം അവിടത്തെ ഓപ്പൊസിഷൻ ശ്രമിക്കാതിരിക്കുന്നുണ്ടോ? അതുകൊണ്ടു് ഇവിടെ ഒരു ഉപക്ഷേപമോ പ്രമേയമോ കൊണ്ടുവന്നാൽ അതു പാസാകുമോ ഇല്ലയൊ എന്നുള്ള സംഗതിയെപ്പറ്റി ആലോചിക്കാതെ തന്നെ ഈ നിയമസഭയിലുള്ള ഞങ്ങളുടെ ഓപ്പൊസിഷൻ കക്ഷിയിൽ പെട്ട ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന രേണത്തിൽ എന്തെങ്കിലും വൈകല്യങ്ങളോ തെറ്റുകളോ ഉണ്ടെങ്കിൽ അതുകളെ തിരുത്തി അതുമൂലമുണ്ടാകാവുന്ന ഗുണങ്ങളെ അദ്ദേഹത്തേയും ഗവൺമെണ്ടിനേയും പൊതുജനങ്ങളേയും അറിയിക്കേണ്ട ഒരു വലിയ ബാദ്ധ്യത ഞങ്ങൾക്കുണ്ടു്. ആ ബാദ്ധ്യതയെ മുൻനിറുത്തി സൃഷ്ടിപരമായ ഒരു ഓപ്പൊസിഷൻ എന്ന നിലയിൽ മാത്രം കൊണ്ടുവന്നിട്ടുള്ള ഒരു പ്രമേയമാണിതു്. ഇതു് നാടെല്ലാം അറിയുന്നുവെന്നുള്ള കാരണത്തിന്മേൽ ദിവാൻ പ്രസിഡെണ്ടുവർകളും പറഞ്ഞതുപോലെ ഒരു നോൺകോൺഫിഡൻസു് മോഷനായിട്ടു് എടുക്കേണ്ട ആവശ്യമൊന്നുമില്ല. ഇങ്ങിനെ ഒരു ഉപക്ഷേപം വരുന്നുണ്ടെന്നുള്ളതു പത്രങ്ങളിൽ നിന്നും ജനങ്ങളുടെയിടയിൽ നിന്നും ചില സംസാരങ്ങൾ ബഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു് മെമ്പറവർകളും കേട്ടിട്ടുണ്ടെങ്കിൽ അതു മിക്കവാറും ആ കക്ഷിയിൽ നിന്നു കൂടിയല്ലെ വന്നിട്ടുള്ളതെന്നു് എനിക്കു ബലമായ സംശയമുണ്ടു്. ഏതായാലും അവിശ്വാസപ്രമേയം അയക്കണമെന്നു ഞങ്ങളാരും ആലോചിച്ചിട്ടുണ്ടായിരുന്നില്ല. ഒരു പത്രപ്രതിനിധിയോടും പറഞ്ഞിട്ടുമുണ്ടായിരുന്നില്ല.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിം സേട്ട്: അങ്ങിനെയായി കിട്ടിയാൽ വല്ല വിരോധവുമുണ്ടൊ.

മിസ്റ്റർ ടി. കെ. നായർ: ഞങ്ങൾ കരയുകയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: അവിശ്വാസപ്രമേയമായിക്കിട്ടിയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടായേക്കാം. (ചിരി) ആ കക്ഷിയിൽ തന്നെ മിക്കവാറും പേർക്കു് അങ്ങിനെയായി കിട്ടിയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടായിരിക്കാം. പക്ഷെ ഞങ്ങൾക്കു പൊതുജനങ്ങളോടുള്ള കടമയെ നിറവേറ്റണമെന്നേയുള്ളു. ദിവാൻജി അവർകളുടെ ചാലഞ്ചു് സ്വീകരിച്ചു ബഹുമാനപ്പെട്ട മന്ത്രി അവർകളും ഒരു സ്റ്റീം തയ്യാറാക്കിക്കാതിരുന്നതിന്റെ ന്യൂനത നിയമസഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ വേണ്ടി ഇങ്ങിനെയുള്ള ഒരു പ്രമേയം വളരെ ഉപകാരമായിരിക്കും. ഒരു അവിശ്വാസപ്രമേയമാണെന്നു തോന്നിക്കത്തക്ക നിലയിലല്ല ഇതു് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു്. ഈ പ്രമേയത്തിൽ പറയുന്ന സംഗതിക്കു തക്കതായ സമാധാനം മന്ത്രി പറയണം. ഞങ്ങൾക്കു പറയുവാനുള്ളതു പറഞ്ഞു. ഇനി മറ്റേ കക്ഷിയുടെ അഭിപ്രായവും കൂടി പൊതുജനങ്ങളുടെ ദൃഷ്ടിയിൽ ചെല്ലും. അതു വെച്ചുകൊണ്ടായിരിക്കും അവർ തീരുമാനിക്കുവാൻ പോകുന്നതു്, മന്ത്രിയുടേയും മന്ത്രികക്ഷിയുടേയും യോഗ്യതകളെ തീരുമാനിക്കുവാൻ പോകുന്നതു്. അവിശ്വാസപ്രമേയമാക്കി ഭൂരിപക്ഷം വോട്ടു കൊണ്ടു തള്ളി, എതിർകക്ഷികൾ പറഞ്ഞതു് അബദ്ധമായിപ്പോയി എന്നു് പൊതുജനങ്ങളുടെ ദൃഷ്ടിയിൽ പൊടിയിടു

LIBRARY ARCHIVES Kerala Legislative Assembly

ടുവാൻ അവസരം എളുപ്പം കിട്ടുമെന്നുള്ള ആഗ്രഹത്തോടു കൂടി അത്യാഹ്ലാ ദത്തോടു കൂടി ഇതിനെ സ്വാഗതം ചെയ്യേണ്ട ബഹുമാനപ്പെട്ട മുളങ്കുന്ന ത്തുകാവു് മെമ്പർ. ഞങ്ങൾ ഇതു് എന്തിനു വേണ്ടി കൊണ്ടുവന്നിരുന്നുവെ ന്നുള്ളതിന്റെ ഉദ്ദേശമെല്ലാം സ്പഷ്ടമാക്കിക്കഴിഞ്ഞു.

Mr. P. Govinda Menon *(Mulakunnathukavu):* On a point of information, Sir, the hon'ble member Mr. Ayyappan was saying that the Diwan had promised on an occasion to place unlimited resources in hands of the Minister. We would like to know whether it is true. He was saying that in your absence.

മിസ്റ്റർ കെ. അയ്യപ്പൻ: ദിവാനുള്ളപ്പോൾ ഒന്നു പറയുക, ഇല്ലാത്ത പ്പോൾ മറ്റൊന്നു പറയുക എന്ന സമ്പ്രദായം ഈ അയ്യപ്പനു് ഇല്ല. ദിവാൻ പ്രസിഡണ്ടു് അവർകളുടെ മുമ്പിലും ഈ ഭേദം ഇല്ലാത്തപ്പോഴും എനിക്കു പറയുവാനുള്ളതു പറയും. ഞാൻ ദിവാൻ പ്രസിഡണ്ടവർകൾ ഇല്ലാത്തപ്പോൾ പറഞ്ഞതു തന്നെ ഇപ്പോഴും പറയുന്നു.

Mr. P. Govinda Menon *(Mulankunnathukavu):* I never meant any reflection. If what I stated carries such an implication, I beg to be excused. There was no such implication.

മിസ്റ്റർ കെ. അയ്യപ്പൻ: ദിവാൻ പ്രസിഡണ്ടു് അവർകൾ ഇ ലക്ഷ്യം ഉദ്ദേശിക്കുന്നു മാത്രം ക്ലിപ്തം ചെയ്തിട്ടില്ല. പിന്നത്തെ ആവശ്യത്തിനു പ ണമില്ലാതെ ബുദ്ധിമുട്ടണ്ട, അതിനു വേണ്ടി അന്തമില്ലാതെ പണം തരാമെ ന്നു് ഭേദം പറഞ്ഞിട്ടില്ല. പണമില്ലാത്ത കുറവു കൊണ്ടു് നിങ്ങൾ സ്കീം തയ്യാറാക്കാൻ മടിച്ചിരിക്കേണ്ട എന്നേ പറഞ്ഞിട്ടുള്ളൂ.

Mr. M. K. Devassy *(Adur):* Mr. President, Sir, I am extremely happy that the long-conceived mischievous child, foetus, as it were, has come at last to the forefront, more in the shape of a mouse than in the shape of a mountain. I am not at all surprised in finding my hon'ble friend Mr. Ayyappan, retracing his steps as also those of the hon'ble mover. The point was made clear by the Hon'ble President that this cut motion, if it is moved, would be tantamount to a vote of no-confidence (*hear, hear*). If the hon'ble mover wanted that he should treat it only as a cut motion, since it is not open to the hon'ble mover to go behind the ruling of the President, it was his duty to sit quiet without moving this at all and to take other opportunities to ventilate his grievances. I, therefore, want to make it clear that what has been started by you as a vote of no-confidence, we are prepared to face it as a vote of no-confidence.

Mr. A. V. Moothedan *(Chalakkudi):* Without interruption, if I bring a motion to discuss the work of the Minister, will it tantamount to a no-confidence motion ?

Mr. President: I do not know why there should be a discussion on this point now. I only explained to the House the parliamentary implications of a motion like this, so that members might know what exactly they are voting upon. The effect of passing this motion will be a no-confidence motion. That is, if this motion is

LIBRARY ARCHIVES Kerala Legislative Assembly

passed, the Minister is bound to take it as a vote of no-confidence on him.

Mr. M. K. Devassy *(Adur):* Sir, I echo the remarks of the Hon'ble President and I say that it is the very reason why we are prepared to take this as a no-confidence motion.

Mr. K. M. Ibrahim *(Cranganur):* Sir, without interruption, am I to take it that every motion that is brought before the House regarding the Minister's work will be a vote of no-confidence?

Mr. M. K. Devassy *(Adur):* I very much wish that my hon'ble friend who was in this House for several years before I came, knows the parliamentary implications of this cut motion if it is carried in this House. I repeat the statement made by the President that if this cut motion is carried, its effect would be a vote of no-confidence.

Mr. A. V. Moothedan *(Chalakkudi):* Have we reached that stage of carrying it?

Mr. M. K. Devassy *(Adur):* Now let us not quarrel over that. We have got better grounds for quarrel. I am happy, as I said once, at this cut motion and I congratulate the opposition for moving it. There are some people who think that their faces are beautiful. They may not be prepared to look at a mirror and test whether the face is ugly or beautiful. I compare the long cherished views that have been entertained by the opposition about the Ministry to this face which they had not the courage or the opportunity of placing before a proper mirror. Now that it is placed before the mirror, it is up to this House to see whether the face is ugly or fair. This mirror—this House—on which that face is reflected will, therefore, decide which party in this House holds the confidence of the country. In that sense, Sir, I welcome it. When our arguments are placed before the House, when the House decides whether you or we hold the confidence of the House, it would be seen which is the house built of cards and which is the house built of stones. I do not wish to dilate upon the principle of the cut motion which was initiated by my hon'ble friend for Chalakkudi and which was deviated from by my hon'ble friend, Mr. Ayyappan.

My hon'ble friend, Mr. Moothedan, was beginning his cut motion with the remarks that it must be a fundamental principle that guides the Minister to have no distinction at all between one party and another. I fully agree with my hon'ble friend and say that if any one in this country has reason to think that the Minister, because he is the leader of the Cochin Congress, has acted partially in the interests of the Cochin Congress, it is for the country to fight it out and see that the Minister is removed. I echo that sentiment once again, but say that my hon'ble friend Mr. Moothedan, in placing this grievous charge before the House, has miserably failed to substantiate it.

LIBRARY ARCHIVES Kerala Legislative Assembly

Sir, one of the charges so seriously levelled against the Hon'ble Minister by Mr. Moothedan was that of gross partiality in the interests of the Cochin Congress Party. My hon'ble friend on being questioned as to facts and figures of the case declined to enlighten us, I would say, not very gracefully. But I am prepared to place the facts and figures of the case before the House. The most important portion dealing with the budget for the year 1115, which consumes a large portion of the amount that is allotted for rural development, I believe is the item of concentration works in the five panchayats. It consumes Rs. 27,500, that is, Rs. 5,500 for each panchayat. If the Hon'ble Minister had any idea or desire to support his party it would have been in his interests to see that this vital item which carries a good portion of the expenditure for rural development would have been allotted to the members of this party. I think I will be failing in my duty if I do not place.....

Mr. V. K. Krishnankutty *(Ezhuvas-Trichur):* How can he possibly do that ?

Mr. M. K. Devassy *(Adur):* I am prepared to welcome any number of interruptions, Sir. I will reply all of them. But permit me to answer the vital points in the short time at my disposal. I hope I will be failing in my duty if I do not place before the House the facts and figures relating to the allotment of this work for concentration works. I shall read the names of the panchayats to which this allotment has been made and I shall read the names of the constituencies corresponding to those panchayats. One is Nadamel which is in the constituency of my hon'ble friend, Mr. Nambiar. The second is Methala in the constituency of my hon'ble friends, Messrs. Ibrahim and Bhaskara Menon. The third is Kodakara which comes in the hon'ble constituency of my hon'ble friend, Mr. A. V. Moothedan.

Mr. A. V. Moothedan *(Chalakkudi):* That is a stronghold of the Cochin Congress.

Mr. M K. Devassy *(Adur):* How can that be? Then how will you be elected? The fourth is Chelakkara which belongs to the constituency of the Hon'ble Leader of the Opposition. The next Nalleippilli which belongs to the constituency of the Deputy Leader of the Opposition.

Mr. A. Eachara Menon *(Chittur-Rural):* It is not Nalleppilli, it is Pattancheri.

Mr. M. K. Devassy *(Adur):* Thank you for the correction. I correct Nalleppilli for Pattancheri and hold the view that it is still in your constituency. If you disown it, I shall prove it. From the figures that I just now placed before the House, my complaint on behalf of the Cochin Congress party is that the Minister was so

LIBRARY ARCHIVES Kerala Legislative Assembly

scrupulously partial that he had not even the kindness to allot at least one concentration centre to any one of the constituencies belonging to our party. As a matter of fact, I fought this question inside our party, but I appreciated his undue fairness for the opposition. I was sorry to hear a charge of partisanship levelled against the Hon'ble Minister when facts are so clear and when facts prove that it is the opposition that has more profited, or exclusively profited, by the allotments in the budget.

Now, Sir, it is pointed out by my hon'ble friend Mr. Moothedan in answer to this argument, that the Minister is so farsighted as to help the Chalakkudi constituency in which probably one of the candidates of the Cochin Congress will fight my hon'ble friend Mr. Moothedan next year. With due respect to the degree of intelligence that is represented by that suggestion, Sir, I ask, with the same tongue, with the same intelligence, with the same voice, how can you say that the Hon'ble Minister has nominated only members whose sympathies are with the Cochin Congress? He would have more succeeded by nominating people belonging to your party than our party. These inconsistent arguments are not worthy of a motion of this nature. They cannot stand the test of scrutiny and they cannot stand the test of honesty also *(Hear, hear)*.

Now, Sir, another argument which appeals to me and which is perhaps more weighty, is that the Minister for Rural Development, ever since he assumed the reins of that office of trust and honour has not discharged his responsibilities or prepared a definite scheme for the country at large. My hon'ble friend, Mr. Ayyappan, seems to think that schemes are like the proverbial pigeon-hole constitutions in the history of the world and that they can be picked out one after another from hole after hole and be presented for lakhs after lakhs of rupees. I would credit him with intelligence. I would have appreciated him, if any of his schemes have come to the forefront either by publication in papers or by presentation before the House, or if they were presented before the Diwan or before the Hon'ble Minister himself. I was further surprised to hear that the Diwan President in his memorable speech in the Maharaja's College threw out a challenge to the Minister saying, "I am prepared to give you any sum of money provided you show me the means of spending." Sir, I have been mistaken in one respect. I have been thinking till this day, after my entry into this Council, that I can very well credit any member of this House with sufficient imagination to know what figurative expressions mean. I do not for a moment think that the Diwan meant anything more than suggesting the difficulties in spending public money that has been placed before the Hon'ble Minister.

LIBRARY ARCHIVES Kerala Legislative Assembly

He was not then for passing an order in a speech in a college saying "Here is five or ten lakhs of rupees. Hon'ble members, go on and bring the scheme. I will sign and give you the amount". I would request the opposition to view these things with sufficient imagination and then criticise it as imagination and intelligence would permit. If that were so, I hope that you will be convinced that these arguments which are flimsy in their very nature, and which may succeed before people who are illiterate and who still happen to be voters, should not be placed before a responsible legislature of this sort which know what is what.

My hon'ble friend Mr. M. L. Joseph, for whom I have very great respect, was placing before the House certain shortcomings in the Minister's administration. I am afraid that he is mistaken. The Health Centres, are legitimately suspected by my hon'ble friend Mr. M. L. Joseph himself, to be expensive institutions which will not enure to the benefit of the country. For their abolition the hon'ble member was pleased to congratulate the Hon'ble Minister. His only complaint is that the Hon'le Minister has stumbled into the right accidentally.

Accident or incident, that does not matter. But, I find my hon'ble friend Mr. K. S. Panickar getting up and saying that the abolition of the Health Centres is the greatest act of mischief committed by the Hon'ble Minister. Sir, we will conduct ourselves well. But, before that, let us have unanimity of views presented before this House. Let us know whether that party which moved the vote of no-confidence has a unanimity of decision either to condemn or to applaud our policy. I only exclaim, "physician, heal thyself before you come to heal others." Sir, If the Hon'ble Minister has abolished the Health Centres, he has done the very right thing. He has put a stop to a mischievous institution which was responsible for spending large sums of money for little or no purpose to the country. It was in the last legislative session of this Council, I believe, that Mrs. A. N. Menon, the Hon'ble Member for Ladies, Ernakulam, moved a resolution requesting the Government to appoint midwives for every village of the State. That was the resolution that was passed in the Panchayat Conference also. When that resolution was moved by the hon'ble lady member a suggestion of opposition was presented by the Hon'ble Member for Medicine which was contradicted by the Hon'ble Minister who said that he was thinking of abolishing the Health Centres and of supplying every Panchayat at least with a midwife. When that suggestion was thrown before the House and when that resolution was accepted by the Hon'ble Minister, I ask you, where was this opposition which clings so closely to the Health Centres and which defends it now? Now, Sir, having, allowed a motion to pass in this House, in your very presence, and

LIBRARY ARCHIVES Kerala Legislative Assembly

having allowed it to pass without a voice of dissent from your side or from any non-official member of this House, it is very uncharitable now to find fault with the Minister who has only respected the opinion of this Council. Would you for a moment be justified in saying that the Minister, by not abolishing the Health Centres and by rejecting a resolution of this House, as it is done in other cases by the reserved half, would have been more applauded by you? Therefore, Sir, with due respect to the charges that you have levelled against the Hon'ble Minister or the party that is responsible in supporting them, I wish to submit before you, in all humility, that the one principle that should guide any responsible legislature which claims the capacity to conduct the Responsible Government is that criticisms are responsible and well-founded. It is true, indeed, Sir, that Responsible Government is not worth its name if it only succeeds in keeping the suspicions of the people unravelled and fuming in their minds. Responsible Government is responsible government only when those suspicions come out, they are properly ignited and properly put out by that party which succeeded in holding the confidence of the country.

Sir, I shall conclude by one remark alone, several of my hon'ble friends, including Mr. K. S. Panickar, were finding fault with the Hon'ble Minister for its planless and haphazard way of administering the transferred departments. If only you carefully scrutinise the budget prepared by the Hon'ble Minister and presented before this House this year, you will be convinced beyond doubt that it is almost impossible to suggest a change in any item or any addition in any item. That budget is a true representation of the solution to the problems over which this House has been agitating for long, so far as the funds that are entrusted to his care permit. I shall prove that. I believe that one of the charges levelled against the Government both when it was wholly reserved as well as when it is transferred, is that there is no sufficient supply of water for drinking purposes in the country. This has been the resolution that has been passed in several of the Panchayat Conferences that have been held in succession in this country. Another charge levelled against the Government was that Cochin being an agricultural country, it has not been given sufficient irrigation facilities. This charge has been levelled against the Government in this House several times and this has been the subject matter of discussion from the non-official side so often that the Government in its conservative policy of postponing the issue to a later period, thought it fit to appoint a Committee to consider the matter. Whatever that be, without any reflection upon the policy that has been hitherto pursued, I hope that the House will agree with me in thinking that the Hon'ble Minister is correct in allotting a good portion of the amount that has been entrusted to his care for the construction of wells, tanks

LIBRARY ARCHIVES Kerala Legislative Assembly

and irrigation canals. Now, Sir, what is the other allocation? It is for libraries. Would the opposition accuse the Hon'ble Minister, that he is wrong in allotting the amount for libraries? What is responsible Government, if the people who are the very masters of those who hold the reins of Government, do not hold the necessary literary qualification, to know the implications of the proceedings of this Council? I hope that the very first step that anybody who aspires for the attainment of full Responsible Government in the country is the establishment of libraries that will educate the people to be real masters of the situation, to vote for which party that is sincere to the country and in whom they have got the greatest trust? I ask the hon'ble opposition whether these are the charges that are levelled against the Minister. I wish to conclude by saying that these remarks probably have little or no weight. I do not wish to pass any empty remarks, or any empty reflections, either of an adverse or of a personal character, which, perhaps, characterise the remarks of some of the members who spoke on the opposition side. I only wish that, to set an example to the whole of India, to the history of the Indian native States, we try our best to conduct this Responsible Government in a responsible fashion and to prove before them that we have been participants in that Government without fear or favour. With these words, I oppose the motion.

